# ഓണാഘോഷത്തിന്റെ സാമൂഹികപ്രസക്തി

സമത്വസുന്ദരമായ സാമൂഹികജീവിതത്തിന്റെ സന്ദേശവുമായി ഓണം ഒരിക്കൽകൂടി വരുകയായി. ശുഭപ്രതീക്ഷയാണ് മനുഷ്യജീവിതത്തെ എന്നും മുന്നോട്ടു നയിക്കുന്നത്. കർക്കടകത്തിന്റെ കാറും കോളും അടങ്ങി പ്രസന്നമായ ചിങ്ങപ്പുലരി സ്വന്തം ജീവിതത്തിലേക്ക് കടന്നുവരുന്ന ദിവസത്തെ മലയാളിമനസ് കാത്തിരിക്കുകയാണ്. ചിങ്ങമാസത്തിനു തിലകമണിയിക്കുന്ന ദിവസമാണ് തിരുവോണം. മഹാവിഷ്ണുവിനോടൊപ്പം മഹാബലിത്തമ്പുരാൻ തിരുവോണപ്പുലരിയിൽ സ്വന്തം പ്രജകളെ കാണാൻ എഴുന്നള്ളുന്നു എന്നതാണ് ഓണത്തെക്കുറിച്ചുള്ള സങ്കല്പം. ഒരാഘോഷമായിട്ടല്ല, അനുഷ്ഠാനമായിട്ടാണ് മലയാളി ഓണത്തെ വരവേല്ക്കുന്നത്. ആ അനുഷ്ഠാനവിശുദ്ധിയാണ് ഓണത്തെ മറ്റു വിശേഷദിവസങ്ങളിൽനിന്നും വേറിട്ടു നിർത്തുന്നത്.

എല്ലാ സദാചാരമൂല്യങ്ങളും നഷ്ടപ്പെടുത്തി ജീവിതത്തെ ഒരു ആഘോഷംമാത്രമാക്കി മാറ്റാൻ വെമ്പൽകൊള്ളുന്ന പുതിയ സംസ്കാരം ഇന്ന് നമ്മുടെ നാട്ടിൽ വളർന്നുവരുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഇന്നലെകളെ അവർ വിസ്മരിക്കുന്നു. നാളെയെക്കുറിച്ച് അവർ ചിന്തിക്കുന്നുമില്ല. സഹജീവികളുടെ സുഖദുഃഖങ്ങൾ അവർക്കു പ്രശ്നമല്ല. വ്യക്ത്യധിഷ്ഠിതമായി മാത്രം അവർ കാര്യങ്ങളെ കാണുന്നു. എല്ലാവർക്കും സുഖകരമായി കഴിയാനുള്ള വിഭവങ്ങൾ പ്രകൃതി ഒരുക്കിവെച്ചിട്ടുണ്ട്. എന്നാൽ അത്യാർത്തി മുഴുത്ത കുറെ ആൾക്കാർ അവിഹിതമായി എല്ലാം കൈയടക്കിവെച്ചിരിക്കുകയാണ്. വളരെയേറെ ജനങ്ങൾ ദരിദ്രരായി കഴിയേണ്ടിവരുന്നതിന്റെ യഥാർത്ഥ കാരണം അനധികൃതമായ ഈ കൈയടക്കലാണ്.

സമൂഹത്തിൽ സമത്വവും സാഹോദര്യവും സഹകരണവും ഉണ്ടായെങ്കിലേ സമൃദ്ധി ഉണ്ടാവുകയുള്ളൂ. നല്ലവരായ ആൾക്കാർ ആഗ്രഹിക്കുന്നതും ഇതുതന്നെയാണ്. ഒരു രാജ്യം നന്നാകണമെങ്കിൽ ആ രാജ്യത്തെ സ്നേഹിക്കുന്ന ശക്തനായ ഒരു ഭരണാധികാരി ഉണ്ടാകണം. അദ്ദേഹത്തിന്റെ ലക്ഷ്യം പ്രജകളുടെ മുഴുവൻ ക്ഷേമം മാത്രമായിരിക്കണം. മാലോകരെല്ലാരും ഒന്നുപോലെ കഴിയണമെങ്കിൽ ജാതിമതഭേദമെന്യേ സമ്പത്തിന്റെ വിതരണം സമമായി നടത്തണം. എന്നാൽ ഇന്ന് നമ്മുടെ നാട്ടിൽ ഭരണം കൈയാളുന്നവർതന്നെ സർവാപഹർത്താക്കളായി മാറിക്കൊണ്ടിരിക്കുകയാണ്. നാണംകെട്ടും പണം നേടാനാണ് അവർ വെമ്പൽകൂട്ടുന്നത്. അങ്ങനെയുള്ള ഭരണാധികാരികൾക്ക് സമത്വം പ്രസംഗിക്കാനേ കഴിയൂ; നടപ്പിലാക്കാനാവുകയില്ല. ജനാധിപത്യയുഗത്തിൽ വോട്ടിന്റെ പിൻബലമാണ് ഭരണാധികാരിയുടെ ശക്തി. ബലമുണ്ടെന്ന ധാർഷ്ട്യത്താൽ ധർമ്മനീതികൾ ലംഘിച്ചുനടത്തുന്ന ഭരണത്തെ അഗ്നിമഴപോലെ ജനങ്ങൾ ഭയപ്പെടുകയും വെറുക്കുകയും ചെയ്യും. അധികാരത്തിലെത്തുന്നവർ ക്ഷുദ്രശക്തികൾക്കു കീഴ്പ്പെടുന്നതാണ് ജനാധിപത്യത്തിന്റെ വലിയ ശാപം. മഹാബലിയെപ്പോലെയുള്ള ഒരു ഭരണാധികാരിയെ ജനങ്ങൾ പ്രതീക്ഷിക്കുന്ന സാഹചര്യം ഇതാണ്. ഈ പ്രതീക്ഷയുടെയും കാത്തിരിപ്പിന്റെയും ആഘോഷമാണ് ഓണം.

ആത്മീയതയുടെ പിൻബലമില്ലാതെ ഭൗതികപുരോഗതികൊണ്ടുമാത്രം ഒരുനാട്ടിലും സമാധാനവും സംതൃപ്തിയും കൈവരുകയില്ല. ഐശ്വര്യത്തിന്റെ പരകോടിയിലെത്തിയപ്പോൾ എല്ലാം സ്വന്തം കഴിവുകൊണ്ടാണെന്ന് മഹാബലി അഹങ്കരിച്ചുപോയി. സ്വന്തം മുമ്പിൽ ഭിക്ഷാംദേഹിയായി എത്തിയ നിസ്സാരനായ പ്രജയെ തിരിച്ചറിയാൻ മഹാബലിക്കു കഴിഞ്ഞില്ല. കേവലനായ വ്യക്തിയിൽപോലും ഈശ്വരാംശം കണ്ടെത്തുന്ന ഭാരതീയപാരമ്പര്യം അദ്ദേഹം വിസ്മരിച്ചു. വിഷ്ണുഭക്തനായിരുന്നിട്ടുപോലും അധികാരവും സമ്പത്തും ലഭിച്ചപ്പോൾ ദൈവത്തെ മറന്നു. കൺമുമ്പിൽ വന്നുനിന്നിട്ടുപോലും ഈശ്വരനെ തിരിച്ചറിയാനായില്ല. ഗുരുവിന്റെ ഉപദേശംപോലും താൻപോരിമകൊണ്ട് അവഗണിച്ചു. പരമഭക്തനായ പ്രഹ്ലാദന്റെ പൗത്രനായ മഹാബലിക്കുണ്ടായ ഐശ്വര്യമദം അവസാനിപ്പിച്ച് അദ്ദേഹത്തെ ചിരംജീവിയാക്കുകയായിരുന്നു വാമനാവതാരത്തിന്റെ ലക്ഷ്യം. വ്യക്ത്യഹന്തയുടെ പരിമിതി ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായിട്ടാണ് മഹാവിഷ്ണു ബലിചക്രവർത്തിയെയും കൂട്ടി തിരുവോണദിവസം എഴുന്നള്ളുന്നത്. മഹാബലിയെ മാത്രം കാണാനാണ് ഇന്നുള്ളവർക്കിഷ്ടം. ഗൂഢസ്മിതനായി സർവവ്യാപിയായി നില്ക്കുന്ന മഹാവിഷ്ണുവിനെ കാണാൻ കണ്ണിൽ ജ്ഞാനാഞ്ജനവും എഴുതി കാത്തുനില്ക്കേണ്ട ദിവസമാണ് തിരുവോണം. അത് വാമനന്റെ (മഹാവിഷ്ണുവിന്റെ) ജന്മനാളാണെന്നതും സ്മരിക്കേണ്ടതാണ്. സർവീസിന്റെ എല്ലാ വായനക്കാർക്കും ഐശ്വര്യപൂർണ്ണമായ ഓണം ആശംസിക്കുന്നു.